## പതിനാലാം കേരള നിയമസഭ
### പതിനാറാം സമ്മേളനം
### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.492
### 29-10-2019 - ലെ മറുപടിക്ക്

**ആസ്തി വികസന ഫണ്ടുപയോഗിച്ചുള്ള മങ്കടയിലെ പ്രവൃത്തികൾ**

| ചോദ്യം<br>**ശ്രീ. ടി.എ. അഹമ്മദ് കബീർ** | മറുപടി<br>**ഡോ. റ്റി. എം. തോമസ് ഐസക്**<br>**(ധനകാര്യവും കയറും വകുപ്പുമന്ത്രി)** |
|---|---|
| എ) 2019-20 സാമ്പത്തിക വർഷം മങ്കട നിയോജകമണ്ഡലത്തിലെ ആസ്തി വികസന ഫണ്ടിൽ നിന്ന് നിർദ്ദേശിച്ച പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ; | ബഹു. എം. എൽ. എ 2019-20 സാമ്പത്തിക വർഷത്തിൽ 17.07.2019 തിയ്യതി മുതൽ 24.09.2019 വരെ നിർദ്ദേശിച്ച 16 പ്രവൃത്തികളിൽ ഒരു പ്രവൃത്തിയുടെ ഡി. പി. ആർ ലഭിച്ചിട്ടുണ്ട്. |
| ബി) ഇല്ലെങ്കിൽ, ഡി.പി.ആർ. തയ്യാറാക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുകൾക്ക് കർശന നിർദ്ദേശം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ; | ബഹു. എം. എൽ. എ മാരുടെ ശിപാർശകളിൽ 30 ദിവസത്തിനകം ഡി. പി. ആർ ലഭ്യമാക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട് . |
| സി) ധനകാര്യ വകുപ്പ് കാലാകാലങ്ങളിൽ ഇറക്കിയ ഉത്തരവുകളിലെ നിബന്ധനകൾ പ്രകാരം പ്രസ്തുത പ്രവൃത്തികൾക്ക് ഇതിനകം ലഭ്യമാകേണ്ടിയിരുന്ന ഭരണാനുമതി ലഭിക്കുന്നതിൽ കാലതാമസം വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വെളിപ്പെടുത്താമോ? | ഭരണാനുമതി നൽകുന്നതിൽ കാലതാമസം വരുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ